# ഇടുക്കി ജില്ലയിലെ ആദ്യ ഐ.എസ്.ഒ സർട്ടിഫൈഡ് പോലീസ് സ്റ്റേഷൻ

## മുട്ടം പോലീസ് സ്റ്റേഷൻ




സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങളും പൊതു ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിലെ മികവുമാണ് "ഇടുക്കി ജില്ലയിലെ ആദ്യ ഐ.എസ്.ഒ സർട്ടിഫൈഡ് പോലീസ് സ്റ്റേഷൻ" എന്ന പദവി മുട്ടം പോലീസ് സ്റ്റേഷന് നേടിക്കൊടുത്തത്. പരമാവധി കുറ്റകൃത്യങ്ങൾ തടയുന്നതിനും, കൃത്യമായി കുറ്റാന്വേഷണവും നടത്തി ക്രമസമാധാന പരിപാലനം ഉറപ്പുവരുത്തുന്നതിനും മികച്ച പ്രകടനം ഉദ്യോഗസ്ഥർ കാഴ്ചവച്ചു. സേനാംഗങ്ങൾക്കായി ഏറ്റവും പുതിയ ആയുധങ്ങൾ, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, പൊതുജന സൗഹൃദ അന്തരീക്ഷം, പോലീസ് സ്റ്റേഷനിലും പരിസരത്തും നടപ്പാക്കിയിട്ടുള്ള ഗ്രീൻ പ്രോട്ടോകോൾ സംവിധാനം എന്നിങ്ങനെ മികച്ച സേവനം നൽകുന്നതിനായി നിരവധി സൗകര്യങ്ങളും സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്.




സ്റ്റേഷനിലെ വിവിധ റെക്കോർഡുകളുടെ സംരക്ഷണം, കളർ കോഡ് പ്രകാരം ക്രമീകരിച്ചിട്ടുള്ള ഫയൽ റൂം, സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിട്ടുള്ള തൊണ്ടിമുതലുകളിലും വാഹനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിച്ച് ക്രമീകരിക്കൽ, സ്റ്റേഷനിൽ എത്തുന്നവർക്ക് ഇരിക്കാനും വിശ്രമിക്കാനുള്ള സൗകര്യം, കുട്ടികൾക്കായി സ്റ്റേഷൻ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള കളിസ്ഥലം, വിശാലമായ പാർക്കിംഗ് ഏരിയ, വായനാ സൗകര്യം, പൊതുജനങ്ങളുടെ

പരാതികൾക്ക് ഏറ്റവും നല്ല രീതിയിലും കാലതാമസം കൂടാതെയും ഉള്ള പരിഹാരം, ആഴ്ചതോറും സ്കൂൾ - കോളേജുകൾ എന്നിവിടങ്ങളിൽ നടത്തുന്ന വിദ്യാർഥികളും പോലീസും തമ്മിലുള്ള ആശയ വിനിമയം, നിരന്തര ഗൃഹസന്ദർശനം നടത്തുന്ന ജനമൈത്രി പോലീസ് സംവിധാനം, ആരോഗ്യ വകുപ്പുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ വകുപ്പുമായി ചേർന്ന് ഷാർപ്പ് പദ്ധതിയിൽപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥർക്ക് ജീവിതശൈലി രോഗങ്ങളെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസും ആരോഗ്യ പരിശോധന, മുട്ടം ടൗൺ, കോടതി ജംഗ്ഷൻ മുതലായ സ്ഥലങ്ങളിലുള്ള പൊലീസിന്റെ സാന്നിധ്യവും ട്രാഫിക് നിയന്ത്രണവും, ടാക്സി ഡ്രൈവേഴ്സിനും മറ്റും ബോധവൽക്കരണ ക്ലാസുകൾ, എന്നിങ്ങനെ നടപ്പിലാക്കിയ നിരവധി പരിഷ്കാരങ്ങളാണ് സ്റ്റേഷന് ഐ.എസ്.ഒ സർട്ടീഫിക്കേറ്റ് നേടിത്തന്നത്.







സർട്ടീഫിക്കേറ്റ് അവാർഡ്ദാനം ബഹു.കൊച്ചി റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. നീരജ്കുമാർ ഗുപ്ത ഐ.പി.എസ് അവർകൾ മുട്ടം പോലീസ് ഇൻസ്പെക്ടർ ശ്രീ. ശിവകുമാർ.വി -ക്ക് നൽകി നിർവ്വഹിച്ചു. ജില്ലാ പോലിസ് മേധാവി ശ്രീ. കറുപ്പസാമി.ആർ ഐ.പി.എസ്, തൊടുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സദൻ.കെ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷൈജ ജോമോൻ, ഐ.എസ്.ഒ പ്രതിനിധികൾ, മറ്റ് പോലിസ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



****************************************************